13-ാം കേരള നിയമസഭ

12-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T.2350

09.12.2014 ലെ മറുപടിക്ക്

## പുതിയ പെൻഷൻ പദ്ധതി

**ചോദ്യം**
ശ്രീ. വി.ശശി

**ഉത്തരം**
ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പു മന്ത്രി

| | | |
|---|---|---|
| (എ) | 01.04.2013 മുതൽ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് പുതിയ പെൻഷൻ പദ്ധതി ബാധകമാക്കിക്കൊണ്ട് 16.03.2013 ൽ ഇറക്കിയ ഉത്തരവനുസരിച്ച് 2014 ഒക്ടോബർ മാസം വരെ എത്ര പേർ ഈ പെൻഷൻ പരിധിയിൽ വന്നിട്ടുണ്ടെന്ന് വ്യക്ത മാക്കാമോ; | 2014 ഒക്ടോബർ മാസം വരെ 12,783 ജീവനക്കാർ ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് PRAN (പെർമനന്റ് റിട്ടയർമെന്റ് അക്കൗണ്ട് നമ്പർ) കരസ്ഥമാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പെൻഷൻ പദ്ധതിയുടെ ഭാഗമായി പെൻഷൻ ഫണ്ട് നിക്ഷേപിക്കുന്ന സംവിധാനത്തിൽ ഏതെല്ലാം ഏജൻസികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; കേരള ഗവൺമെന്റ് ട്രഷറിയെ ഉൾപ്പെടുത്തുന്നതിൽ നിന്നും പിൻവാങ്ങാനുള്ള കാരണം വിവരിക്കാമോ; | 06.02.2014 ലെ സർക്കുലർ നം. 07/14/ധന ഖണ്ഡിക അനുസരിച്ച് ജീവനക്കാരുടെ പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിന് ഭാരത സർക്കാർ/ PFRDA (പെൻഷൻ ഫണ്ട് റെഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റി) PFMs (പെൻഷൻ ഫണ്ട് മാനേജേഴ്സ്) നെ നിശ്ചയിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാ നത്തു നിന്നുള്ള പെൻഷൻ ഫണ്ട് PFRDA സർക്കാർ മേഖലയിൽ അംഗീകരിച്ചിട്ടുള്ള മൂന്ന് PFMs ആയ എസ്.ബി.ഐ. പെൻഷൻ ഫണ്ട്സ് പ്രൈവറ്റ് |

| | | |
|---|---|---|
| | | ലിമിറ്റഡ്, യു.റ്റി.ഐ റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്കാണ് സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള അനുപാ തത്തിൽ അംഗീകൃത ഇൻവെസ്റ്റ്മെന്റ് പാറ്റേണിൽ നിക്ഷേ പിക്കുന്നതിലേക്കായി കൈമാറി വരുന്നത്.<br>14.08.2008 തീയതിയിലെ ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ നോട്ടിഫിക്കേഷൻ എഫ് നമ്പർ 5 (88)/2006-പി.ആർ അനുസരിച്ച് ദേശീയ പെൻഷൻ പദ്ധതിയുടെ ഭാഗമായിട്ടുള്ള പെൻഷൻ ഫണ്ട് നിക്ഷേപിക്കുന്നതിനായുള്ള ഇൻവെസ്റ്റ്മെന്റ് പാറ്റേണിൽ ഗവൺമെന്റ് സെക്യൂരിറ്റികൾ, ഡെബ്റ്റ് സെക്യൂരിറ്റികൾ, ടേം ഡിപ്പോസിറ്റുകൾ, റുപ്പി ബോണ്ടുകൾ, മണി മാർക്കറ്റ് ഇൻസ്ട്രമെന്റുകൾ, കമ്പനി ഷെയറുകൾ എന്നീ വിഭാഗങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടു ള്ളത്.<br>പബ്ളിക് ലോൺ ശേഖരി ക്കുന്നതിനു വേണ്ടി മാത്രമേ ഗവൺമെന്റ് സെക്യൂരിറ്റി പുറപ്പെടു വിക്കാവൂ എന്ന് നിയമ പ്രകാരമുള്ള നിബന്ധനയുള്ളതും കേന്ദ്ര ഗവൺമെന്റ് ഉൾപ്പെടുത്തിയിട്ടുള്ള പെൻഷൻ ഫണ്ട് നിക്ഷേപ വിഭാഗങ്ങൾക്കു പുറമേ പുതിയ വിഭാഗങ്ങളെ സ്വേച്ഛാപരമായി |

| | | |
|---|---|---|
| | | ഉൾപ്പെടുത്തുന്നതിനു സംസ്ഥാന സർക്കാരിന് അധികാരമില്ലാത്തതും, നിലവിലെ നിക്ഷേപ ക്രമങ്ങളിൽ തന്നെ, പെൻഷൻ നിക്ഷേപങ്ങൾ സർക്കാർ സെക്യൂരിറ്റികളിൽ നിക്ഷേപിക്കുന്നതിനു ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനാലും ട്രഷറികളിൽ നിക്ഷേപം സ്വീകരിക്കുന്നതു മൂലം സംസ്ഥാന ഗവൺമെന്റിന് ഋണ ബാദ്ധ്യത നേരിടേണ്ടി വരുമെന്നതിനാലും ദേശീയ പെൻഷൻ പദ്ധതി ഫണ്ട് നിക്ഷേപി ക്കുന്ന സംവിധാനത്തിൽ ഗവൺമെന്റ് സെക്യൂരിറ്റികളിൽ കേരള ഗവൺമെന്റ് ട്രഷറി കൂടി ഉൾപ്പെടുത്തുന്നതിന് സാധിക്കുകയില്ല. |
| (സി) | 01.04.2013 മുതലുള്ള ഓരോ മാസവും പെൻഷൻ കൊണ്ട്രിബ്യൂഷൻ ഇനത്തിൽ സർക്കാർ നിക്ഷേപിക്കുന്ന തുകയെത്രയെന്ന് വെളിപ്പെടുത്താമോ? | ഭാരത സർക്കാർ നിർദ്ദിഷ്ട പദ്ധതിക്കായി നിയോഗിച്ച PFRDA (പെൻഷൻ ഫണ്ട് റെഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റി) നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിനും പ്രസ്തുത പദ്ധതിക്ക് അനിവാര്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയതിനും ശേഷം 2014 ഫെബ്രുവരി മാസം മുതലാണ് ദേശീയ പെൻഷൻ പദ്ധതി സംസ്ഥാനത്ത് പ്രാവർത്തികമായിട്ടുള്ളത്. ടി പദ്ധതിയുടെ ഭാഗമായി സർക്കാർ വിഹിതമായി 2014 മാർച്ച് 31 വരെ 1.21 ലക്ഷവും ഏപ്രിലിൽ 14.95 |

| | | |
|---|---|---|
| | | ലക്ഷവും മെയ് മാസത്തിൽ 57.34 ലക്ഷവും ജൂണിൽ 90 ലക്ഷവും ജൂലൈയിൽ 1.24 കോടിയും ഓഗസ്റ്റിൽ 1.355 കോടിയും സെപ്തംബറിൽ 1.44 കോടിയും ഒക്ടോബറിൽ 1.725 കോടിയും കൈമാറിയിട്ടുണ്ട്. 2013 ഏപ്രിൽ മുതലുള്ള കുടിശ്ശിക തുക (ജീവനക്കാരന്റെ വിഹിതം സഹിതം) ഒടുക്കുന്നതിനുള്ള നടപടിക്രമം സർക്കാർ രൂപീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ